# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3203. — 19-06-2019 ൽ മറുപടിയ്ക്ക്

## നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് റൈസ് ഇൻ കേരള" പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും നൽകുന്നുണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്നുണ്ട്. ഏഴ് പ്രത്യേക കാർഷിക മേഖലകളിലായി അടിസ്ഥാനസൗകര്യ വികസനത്തിനു മുൻ തൂക്കം നൽകിക്കൊണ്ടുള്ള പ്രത്യേക കാർഷിക മേഖലാ പദ്ധതിയും നടപ്പിലാക്കിവരുന്നു.<br>നെൽകൃഷി വികസന പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5500/- രൂപയും, സവിശേഷ നെല്ലിനങ്ങളുടെ വികസനത്തിനു 10000/- രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10000/- രൂപയും കരനെൽ കൃഷിക്ക് 13600/- രൂപയും ധനസഹായമായി നൽകും. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30000/- രൂപയും രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണു ധനസഹായം നൽകുന്നത്. ഇതിനു പുറമെ നഗരപ്രദേശത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെയുള്ള നെൽകൃഷി വികസനത്തിനുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും റൈസ് ഇന്നൊവേഷൻ ഫണ്ട് പ്രകാരമുള്ള പദ്ധതിയധിഷ്ഠിത ധനസഹായവും നൽകുന്നുണ്ട്.<br>രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ "പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് ഓഫ് |

റൈസ് ഇൻ കേരള" പ്രകാരം നെൽ വിത്ത് വാങ്ങുന്നതിനു ഹെക്ടറിനു 1000/- രൂപയും. കമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും. സംയോജിത കീടനിയന്ത്രണത്തിന് 500/- രൂപയും. കസ്റ്റം ഹയറിങ് സെന്റർ മുഖേനയുള്ള യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500/- രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4500/- രൂപയുടെ ധനസഹായം നൽകുന്നുണ്ട്.

ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിപ്രകാരം 100 ഹെക്ടർ വിസ്തൃതിയുള്ള ക്ലസ്റ്ററുകളിൽ വിവിധ പ്രദർശനത്തോട്ടങ്ങൾ ചെയ്യുന്നതിന് ഹെക്ടറൊന്നിന് 9000/- രൂപ ധനസഹായം നൽകുന്നുണ്ട്. ക്രോപ്പിങ് സിസ്റ്റം പ്രദർശനത്തോട്ടത്തിന് ഹെക്ടറൊന്നിന് 15000/- രൂപയും ഹൈബ്രിഡ് വിത്തുപയോഗിക്കുന്നതിന് ഒരു ക്വിന്റലിനു 10000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ താഴെയുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 2000/- രൂപയും, റിലീസ് ചെയ്തിട്ട് 10 വർഷത്തിൽ കൂടുതലുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിന്റെ ഉപയോഗത്തിന് ക്വിന്റലിന് 1000/- രൂപയും നല്കുന്നുണ്ട്. സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും കമ്മായവസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് 1000/- രൂപയും, കീടനാശിനി/ജൈവ കീടനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500/- രൂപയും, കളനാശിനി വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും ആനുകൂല്യം നൽകുന്നുണ്ട്. മരുന്നു തളിക്കുന്നതിനുള്ള സ്പ്രേയറിന് 600/- രൂപയും പവർ സ്പ്രേയറിന് 3000/- രൂപയും വിന്നോവറിന് 10000/- രൂപയുമാണ് സബ്സിഡി നൽകുക. പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് 10000/- രൂപ സബ്സിഡി നൽകുന്നുണ്ട്.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യ വർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന

| | |
|---|---|
| | സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം ലഭ്യമാക്കാനുമായി ഏഴ് പ്രത്യേക കാർഷിക മേഖലയ്ക്കുള്ള അടിസ്ഥാന സൗകര്യവികസന പദ്ധതികളും നടപ്പിലാക്കുന്നു. |
| (ബി) കരനെൽ കൃഷിയിൽ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) ഉണ്ട്. 2016-17 സാമ്പത്തിക വർഷം 2752.092 ഹെക്ടറും. 2017-18 ൽ 2624.64106 ഹെക്ടറും, പ്രതികൂല സാഹചര്യങ്ങൾ നിലനിന്ന 2018-19 ൽ 2338.471 ഹെക്ടറും കരനെൽ കൃഷി ചെയ്തു. |
| (സി) വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് നെൽകൃഷിയിലുണ്ടായ വർദ്ധനവ് അഥവാ മാറ്റം എത്രയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ: | (സി) കൃഷി വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടലുകളെ തുടർന്ന് കർഷകരെ കൃഷിയിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ 3 വർഷം കൊണ്ട് നെല്ല് കൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെല്ല് കൃഷി നശിച്ച് പോയിട്ടും 202985 ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കാൻ കഴിഞ്ഞു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) തരിശുനിലങ്ങളിൽ കൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ? | (ഡി) തരിശു നിലകൃഷിക്കുള്ള പദ്ധതി ഘടകം നടപ്പാക്കിയതിലൂടെ കൃഷി വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 2782.3857 ഹെക്ടറും, 2017-18 ൽ 5485.686 ഹെക്ടറും. പ്രതികൂല സാഹചര്യങ്ങൾ നിലനിന്ന 2018-19 ൽ 3668.0064 ഹെക്ടറും തരിശു നിലത്തിൽ പുതുതായി നെൽ കൃഷി ചെയ്തു. 2016-17-ൽ ഉണ്ടായിരുന്ന തരിശു നിലത്തിന്റെ 20.02 ശതമാനം സ്ഥലം ഇതിനകം കൃഷി ചെയ്തിട്ടുണ്ട്. തരിശുനില കൃഷി വഴി 52220.3417 ടൺ അരി ഉല്പാദിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | 2016-17 (ഹെക്ടർ) | 2017-18 (ഹെക്ടർ) | 2018-19 (ഹെക്ടർ) |
|---|---|---|---|
| തിരുവനന്തപുരം | 1392 | 2663.28 | 2038.7 |
| കൊല്ലം | 1302 | 3467.92 | 2110.10 |
| പത്തനംതിട്ട | 2640 | 3591.20 | 3198.71 |
| ആലപ്പുഴ | 32453 | 40282.49 | 42273.16 |
| കോട്ടയം | 17216 | 20309.02 | 22222.88 |
| ഇടുക്കി | 695 | 1520.50 | 682.11 |
| എറണാകുളം | 4730 | 5300.84 | 5016.42 |
| തൃശ്ശൂർ | 21100 | 22470.48 | 22276.09 |
| പാലക്കാട് | 65513 | 90580.00 | 77103.43 |
| മലപ്പുറം | 7140 | 8084.26 | 8339.62 |
| കോഴിക്കോട് | 1987 | 3783.00 | 2351.58 |
| വയനാട് | 7822 | 9508.25 | 7761.43 |
| കണ്ണൂർ | 4671 | 6083.15 | 5331.94 |
| കാസർഗോഡ് | 2737 | 2804.99 | 2279.07 |
| **ആകെ** | **171398** | **220449.38** | **202985.24 *** |

* 2018-ൽ ഉണ്ടായ പ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നശിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ